ശ്രീ. വർക്കല കഹാർ: ബഹുമാനപ്പെട്ട മെമ്പർ ശ്രീ. മമ്മൂട്ടി ഇവിടെ സംസാരിച്ചപ്പോൾ തമിഴ്നാട്ടിലെ നാഗർകോവിലിൽ നിന്ന് വലിയ തോതിൽ അരി കൊണ്ടുവന്ന് പാറശ്ശാല കേന്ദ്രമാക്കി മായം കലർത്തി വിൽക്കുന്ന കേന്ദ്രങ്ങളുണ്ടെന്ന് സൂചിപ്പിക്കുകയുണ്ടായി. അത് തടയുന്നതിന് ഉള്ള നടപടി പ്രത്യേകമായി സ്വീകരിക്കുമോ?

ശ്രീ. എം. എം. ഹസ്സൻ: പാറശ്ശാലയിൽ മായം കലർത്താൻ ഞങ്ങൾ അനുവദിക്കുകയില്ല.....ഒരിക്കലും അനുവദിക്കുകയില്ല. അത് അങ്ങും അനുവദിക്കുകയില്ലെന്നറിയാം. അതുകൊണ്ട് ഈ പ്രമേയത്തിന്റെ അന്തഃസത്ത പൂർണ്ണമായി ഗവൺമെന്റ് ഉൾക്കൊള്ളുന്ന സാഹചര്യത്തിൽ ബഹുമാനപ്പെട്ട മെമ്പറുടെ പ്രമേയത്തിനുള്ള ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ഈ പ്രമേയം അദ്ദേഹം പ്രസ് ചെയ്യരുത്, പിൻവലിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ടി. എൻ. പ്രതാപൻ, അങ്ങയുടെ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി.എൻ. പ്രതാപൻ: പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടിരിക്കുന്നു.

(3) 1996-2001 കാലഘട്ടത്തിൽ ജനകീയാസൂത്രണ പ്രവർത്തനങ്ങളിലും മാനവീയം പരിപാടിയുടെ നടത്തിപ്പിലും ഉണ്ടായ ക്രമക്കേടുകളെക്കുറിച്ചും മറ്റും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ വിദഗ്ദ്ധസമിതിയെ ചുമതലപ്പെടുത്തുന്നത് സംബന്ധിച്ച്

ശ്രീ. തന്നാനൂർ രവി: ശ്രീ. പി. ടി. തോമസ് ചുമതലപ്പെടുത്തിയതനുസരിച്ച് ഞാൻ ഈ പ്രമേയം ഇവിടെ അവതരിപ്പിക്കുകയാണ്: "കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ (1996-2001) ജനകീയാസൂത്രണ പ്രവർത്തനങ്ങളിലും മാനവീയം പരിപാടിയുടെ നടത്തിപ്പിലും ഉണ്ടായ ക്രമക്കേടുകളെക്കുറിച്ചും സി.ഡി.എസ്., ശാസ്ത്ര സാഹിത്യ പരിഷത്ത്, കാപ്പ്കെക് തുടങ്ങിയ ഏജൻസികളുടെ പ്രവർത്തനത്തെക്കുറിച്ചും, ഇത്തരം സ്ഥാപനങ്ങൾക്ക് വിദേശ സഹായം ലഭിച്ചതിനെക്കുറിച്ചും, ഒരു മോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങാനുള്ള അധികാരംപോലും കവർന്നെടുത്ത്, അധികാര വികേന്ദ്രീകരണത്തിന്റെ പേരിൽ അധികാര കേന്ദ്രീകരണം നടത്തി ഗ്രാമപഞ്ചായത്തുകളെ ദുർബലപ്പെടുത്തിയതിനെക്കുറിച്ചും, ഇലക്ട്രിസിറ്റി ബോർഡിലും, വാട്ടർ അതോറിറ്റിയിലും, ഭവനനിർമ്മാണ ബോർഡിലും കോടിക്കണക്കിന് ഉറുപ്പിക ഡിപ്പോസിറ്റ് ചെയ്ത് അതാതു വർഷം പണം ചെലവഴിക്കപ്പെടാതെ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ വികലമാക്കിയതിനെക്കുറിച്ചും, ജനകീയാസൂത്രണ ഫണ്ട് ചെലവഴിച്ചതിനെക്കുറിച്ചുള്ള ഓഡിറ്റ് ഒഴിവാക്കാൻ ശ്രമിച്ചതിനെക്കുറിച്ചും, ജനകീയാസൂത്രണത്തിന്റെ ഫലമായുള്ള പ്രവർത്തനങ്ങളുടെ നേട്ട-കോട്ടങ്ങളെക്കുറിച്ചും വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തണമെന്ന് ഈ സഭ സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥിക്കുന്നു." പ്രധാനപ്പെട്ട ഒരു വിഷയത്തെ സംബന്ധിച്ചാണ്

LIBRARY ARCHIVES Kerala Legislative Assembly
Page 1

ശ്രീ. പി. ടി. തോമസ് ഈ പ്രമേയം ഇവിടെ കൊടുത്തത് എന്ന് ഞാൻ വിശ്വസിക്കുകയാണ്. പഞ്ചായത്തീരാജ്-നഗരപാലികാനിയമം, കേന്ദ്ര ഗവൺമെന്റ് പാർലമെന്റിൽ പാസ്സാക്കി. സംസ്ഥാന നിയമസഭ ആ നിയമം പാസ്സാക്കിയത് അധികാര വികേന്ദ്രീകരണത്തിനുവേണ്ടിയാണ്. Decentralisation of Power..... നമ്മുടെ സംസ്ഥാന നിയമസഭയും, സെലക്ട് കമ്മിറ്റിയും വളരെ വിശദമായി പഠനം നടത്തി സമർപ്പിച്ച ഒരു ബില്ലാണ്. കേരളപ്പിറവിക്കുശേഷം കേരള നിയമസഭയുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഭരണകക്ഷി-പ്രതിപക്ഷ അംഗങ്ങൾ കഴിയുന്നിടത്തോളം യോജിപ്പോടുകൂടി, സെലക്ട് കമ്മിറ്റിയിൽ ഒരു നിയമം ചർച്ച ചെയ്ത് സഭയിൽ കൊണ്ടുവന്ന് പാസ്സാക്കിയത്. ഒരു സഭയുടെ ചരിത്രത്തിൽ ഏറ്റവുമധികം സമയമെടുത്ത്, രാത്രിയും പകലും നീണ്ടുനിന്ന ചർച്ചയിലൂടെയാണ് ഈ നിയമം കേരളാ ഗവൺമെന്റ് പാസ്സാക്കിയത്. അന്ന് നാം ഉദ്ദേശിച്ചത്, അധികാര വികേന്ദ്രീകരണം താഴെത്തട്ടിലെത്തിയാൽ സാധാരണ ജനങ്ങൾക്ക്, പഞ്ചായത്ത് ഓഫീസിൽ ഒരു കാര്യത്തിന് ചെന്നാൽ, മുനിസിപ്പൽ ഓഫീസിൽ ഒരു കാര്യത്തിന് ചെന്നാൽ, പ്രയാസമില്ലാതെ കാര്യം നടത്തുവാൻ തക്കവിധത്തിലുള്ള സംവിധാനമാണ്. നിർഭാഗ്യവശാൽ ഈ പ്രമേയത്തിൽ പറയുന്നതുപോലെ 1996 മുതൽ 2001 വരെ കേരളം ഭരിച്ച എൽ.ഡി.എഫ് ഗവൺമെന്റ് അധികാര വികേന്ദ്രീകരണത്തെ, പഞ്ചായത്തീരാജ്-നഗരപാലികാനിയമത്തെ, മാറ്റിവച്ചുകൊണ്ട് മാർക്സിസ്റ്റ് പാർട്ടിയും അവരുടെ മറ്റ് ഘടകകക്ഷികളും അവരുടെ സംഘടനകളും ഇതിൽ പറയുന്ന മാതിരിയുള്ള പ്രവർത്തനങ്ങളാണ് നടത്തിയത്. ഈ സംഘടനകൾ സി.ഡി.എസ്., ശാസ്ത്ര സാഹിത്യ പരിഷത്ത്, 'കാപ്പെക്' തുടങ്ങിയ ഏജൻസികളെ, ഇടതുപക്ഷ പ്രസ്ഥാനത്തിന് പ്രത്യേകിച്ചും മാർക്സിസ്റ്റുകാർക്ക് മുൻതൂക്കമുള്ള സംഘടനകളെ, ജനകീയാസൂത്രണം ഏൽപ്പിച്ചുകൊണ്ട് മാനവീയമെന്നും ജനകീയാസൂത്രണമെന്നുമെല്ലാം പേര് നൽകിക്കൊണ്ട് ആ നിയമത്തിന്റെ മുഖം വികൃതമാക്കിക്കൊണ്ട് ഏത് ഉദ്ദേശ്യത്തോടുകൂടിയാണോ സംസ്ഥാന നിയമസഭ ഈ നിയമം പാസ്സാക്കിയത് അതിൽ നിന്നും വ്യത്യസ്തമായ സമീപനം സ്വീകരിച്ചുകൊണ്ടുള്ള ഒരു ഭരണമാണ് ഇവിടെ നടത്തിയത്. ഡെപ്പോസിറ്റ് വർക്കുകളുണ്ട്. ഇലക്ട്രിസിറ്റി ബോർഡ്, വാട്ടർ അതോറിറ്റി, ഹൗസിംഗ് ബോർഡ് ഇതുപോലുള്ള സ്ഥാപനങ്ങൾ അവിടെയുള്ള ഡെപ്പോസിറ്റ് വർക്കുകൾപ്പോലും ഒരിക്കലും സമയത്ത് നടപ്പിലാക്കിയിട്ടില്ല. ഇവിടെ ഡെപ്പോസിറ്റ് വർക്ക് കൊടുക്കുവാൻ നിയമത്തിൽ പറഞ്ഞതുതന്നെ വിദ്യുച്ഛക്തി ബോർഡിൽ ആയിരുന്നാലും ഹൗസിംഗ് ബോർഡിൽ ആയിരുന്നാലും അതുപോലുള്ള സ്ഥാപനങ്ങളിൽ വളരെ വേഗം ആളുകൾക്ക് പ്രയോജനം എത്തിക്കുന്ന രീതിയിൽ താഴെത്തട്ടിൽ കൊണ്ടുവന്നുകൊണ്ട് അവിടെയെല്ലാം നല്ല രീതിയിൽ പ്രവർത്തനം നടത്തണമെന്ന നിർദ്ദേശത്തോടുകൂടിയാണ്. ഈ നിയമസഭ അങ്ങനെയാണ് അന്ന് നിയമം പാസ്സാക്കിയതെങ്കിൽ അതിനുശേഷം വന്ന എൽ.ഡി.എഫ്. ഗവൺമെന്റിന് ജനകീയാസൂത്രണമില്ലായിരുന്നു; ഒരു പരിപാടിയുമില്ലായിരുന്നു. ഒരു പിടി ആളുകളുടെ സ്ഥാപിതമായ താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി, ഒരു ഓഡിറ്റ് പോലുമില്ലാതെ, പെർഫോമൻസ് ഓഡിറ്റ് പോലുമില്ലാതെയാണ് കാര്യങ്ങൾ നടത്തിയത്. പെർഫോമൻസ് ഓഡിറ്റിനെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ഈ നിയമത്തിൽ പറയുന്നുണ്ട്. അവർ ചെയ്തത് എന്തെന്നുവച്ചാൽ പെർഫോമൻസ് ഓഡിറ്റ് ഉണ്ടെന്നു പറഞ്ഞിട്ട് 1996-ൽ അധികാരത്തിൽ വന്ന ഗവൺമെന്റ് പെർഫോമൻസ് ഓഡിറ്റിന് ഓഫീസറെ വച്ചതുപോലും രണ്ടായിരാമാണ്ടിലാണ്. അവസാന വർഷത്തിലാണ്. നാലു വർഷക്കാലം യഥേഷ്ടം ഭരിച്ചു. ഇവിടെ നിയമസഭയിൽ ഞങ്ങൾ അതേക്കുറിച്ച് [illegible] ചോദിച്ചവരാണ്. പെർഫോമൻസ് ഓഡിറ്റ് ഉണ്ടാകുമെന്നാണ് നിയമം പറയുന്നത്. തുക ചെലവഴിക്കുന്ന കാര്യത്തിൽ യാതൊരു നിയന്ത്രണവുമില്ലാതെ, എല്ലാ ഫിനാൻഷ്യൽ കോഡുകളും വ്യവസ്ഥകളും ലംഘിച്ചുകൊണ്ട് യാതൊരു ഫിനാൻഷ്യൽ ഡിസിപ്ലിനും ഇല്ലാതെ, സാമ്പത്തിക അച്ചടക്കം ഇല്ലാതെ അധികാര വികേന്ദ്രീകരണത്തിനുപകരം അധികാര കേന്ദ്രീകരണം നടത്തിക്കൊണ്ടാണ് അവർ കാര്യങ്ങൾ ചെയ്തത്. അതിന്റെ ഫലമായിട്ട് കേരളത്തിന്റെ ചരിത്രത്തിൽ കേരളപ്പിറവിക്കുശേഷം എന്തെല്ലാം നല്ല ഉദ്ദേശത്തോടുകൂടിയാണോ ഈ നിയമം പാസ്സാക്കിയത്, അതിന് കടകവിരുദ്ധമായ സമീപനം സ്വീകരിച്ചുകൊണ്ട് സംസ്ഥാനതലത്തിൽ വ്യാപകമായ അഴിമതിയാണ് അന്ന് നടത്തിയത്. പതിനൊന്നാം കേരള നിയമസഭയുടെ പെറ്റിഷൻസ് കമ്മിറ്റിയിൽ ബഹുമാന്യനായ മാമ്മൻ മത്തായി ചെയർമാനായ പെറ്റിഷൻസ് കമ്മിറ്റിയിൽ ഇതുസംബന്ധിച്ച് പല പരാതികളും വരികയുണ്ടായി. വളരെ വിശദമായി പെറ്റിഷൻസ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച്, കേരളത്തിലെ കോർപ്പറേഷനുകളിൽ, മുനിസിപ്പാലിറ്റികളിൽ, പഞ്ചായത്തുകളിൽ, ഗ്രാമപഞ്ചായത്തിൽ, ബ്ലോക്ക് പഞ്ചായത്തിൽ, ജില്ലാ പഞ്ചായത്തിൽ, ചില ജില്ലകളിൽ കമ്മിറ്റി നേരിട്ടുപോയി തെളിവെടുപ്പ് നടത്തുകയുണ്ടായി. നോമിനികളെ വെറുതെ പേര് വച്ചുകൊണ്ട് വർക്കുകൾ ഏറ്റെടുത്തു. കൺവീനർ എന്നു പറഞ്ഞുകൊണ്ട് മിക്കവാറും അടങ്കൽ തുകയുടെ 90 ശതമാനം അഡ്വാൻസ് വാങ്ങിയിട്ടുണ്ട്. ഇന്ന് പല കൺവീനർമാരും ജീവിച്ചിരിപ്പില്ല എന്നുള്ളതാണ്.....

മി. ഡെപ്യൂട്ടി സ്പീക്കർ: Are you concluding today?

ശ്രീ. തന്നാനൂർ രവി: No. Iam not concluding today.

മി. ഡെപ്യൂട്ടി സ്പീക്കർ: You can continue next time.

(ചർച്ച തുടരും)

സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8-30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(11-8-2003 തിങ്കളാഴ്ച രാവിലെ 8-30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly